

# സഭ പ്രേഷിത സമൂഹം

10

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

പാഠം 11

# പ്രേഷിതത്വം
# സമർപ്പിത ജീവിതത്തിലൂടെ



മിശിഹായിലുള്ള പൂർണ്ണവും സമ്പുഷ്ടവുമായ ജീവിതത്തിലൂടെ ദൈവത്തിന്റെ വിളിക്കു പ്രത്യുത്തരമേകാനാണ് ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത്. ഈ വിളി വളരെ പ്രത്യേകമായ വിധത്തിൽ തങ്ങളിൽ സാക്ഷാത്ക്കരിക്കുന്നവരാണു സമർപ്പിതർ.

# സമർപ്പിത ജീവിതം സഭയിൽ

എ.ഡി. മൂന്നാം നൂറ്റാണ്ടിൽ സന്യാസം ക്രിസ്തുമതത്തിൽ വേരുറച്ചു. ഈജിപ്താണു ക്രൈസ്തവ സന്യാസത്തിന്റെ പിള്ളത്തൊട്ടിൽ.

ഈജിപ്തിലെ വി.അന്തോണീസ് ഏകാന്ത വാസ സന്യാസത്തിന്റെ പിതാവായറിയപ്പെടുന്നു.
വി. ബനഡിക്ട് ഇറ്റലിയിലും ടൂർസിലെ വി. മാർട്ടിൻ ഫ്രാൻസിലും, വി. പാട്രിക് അയർലന്റിലും സന്യാസാശ്രമം സ്ഥാപിച്ചു.

സംഘടിതമായ സന്യാസം ഭാരതത്തിലുട ലെടുത്തതു ബഹു. പാലയ്ക്കൽ തോമാച്ചനും പോരൂക്കര തോമാച്ചനും ചാവറ കുര്യാക്കോസ ച്ചനും ചേർന്ന് 1831 മേയ് 11–ാം തീയതി മാന്നാ നത്ത് അമലോത്ഭവദാസസംഘം’ എന്ന സന്യാസ സമൂഹത്തിനു രൂപം കൊടുത്തതോടെ യാണ്.

# സമർപ്പിത ജീവിതത്തിന്റെ സാരാംശം

ദൈവത്തിനും സഹോദരങ്ങൾക്കുമായി തങ്ങളെത്തന്നെ സ്ഥിരമായി സമർപ്പിക്കുന്ന ജീവിത ക്രമമാണു സമർപ്പിത ജീവിതം. അനുസരണം ബ്രഹ്മചര്യം ദാരിദ്ര്യം എന്നീ സുവിശേഷ ഉപദേശങ്ങളെ അടിസ്ഥാനമാക്കി മൂന്ന് വ്രതങ്ങൾ പാലിച്ചു ജീവിക്കുന്നവരാണവർ.

സമർപ്പിത ജീവിതത്തിന്റെ സാരാംശം കർത്താവായ മിശിഹായോടും മനുഷ്യകുലത്തിലെ ഓരോ അംഗത്തോടുമുള്ള സ്നേഹമൂലം നടത്തുന്ന ആത്മദാനത്തിലാണ് അടങ്ങിയിരിക്കുന്നത്.



# വ്രതങ്ങൾ

ദൈവത്തോട് ഒരു വ്യക്തി ചെയ്യുന്നതും ആ വ്യക്തിയിൽ നിന്നു സഭവഴിയായി ദൈവം സ്വീകരിക്കുന്നതുമായ സ്നേഹത്തിന്റെ ഉടമ്പടിയാണു വ്രതം.

ദൈവത്തിനു പൂർണ്ണമായി വിധേയപ്പെട്ട മിശിഹായെപ്പോലെ സമർപ്പിതർ ദൈവത്തോട് ഐക്യപ്പെടണം.

അനുസരണം, ബ്രഹ്മചര്യം ദാരിദ്ര്യം എന്നീ വ്രതങ്ങളിലൂടെയുള്ള സമ്പൂർണ്ണ സമർപ്പണം വഴി പരമമായ ദൈവസ്നേഹത്തിനും മനുഷ്യജീവനുമായി സമർപ്പിതർ പ്രതിഷ്ഠിതമായിരിക്കുന്നു.

മിശിഹായിലുള്ള പൂർണ്ണവും സമ്പുഷ്ടവുമായ ജീവിതത്തിലൂടെ ദൈവത്തിന്റെ വിളിക്കു പ്രത്യുത്തരമേകാനാണ് ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നത്, ഈ വിളി തങ്ങളിൽ സാക്ഷാത്ക്കരിക്കുന്നവരാണു **സമർപ്പിതർ.**

# സമർപ്പിതരുടെ പ്രേഷിതദൗത്യം

പ്രേഷിതപ്രവർത്തനമെന്നത് ആത്മദാനം നടത്തുന്ന സ്നേഹജീവിതമാണ്. ദൈവത്തിന്റെ പിതൃസഹജമായ മുഖവും സഭയുടെ മാതൃസഹജമായ മുഖവും ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കുവാനും, മറ്റുള്ളവർക്കു ജീവനും പ്രത്യാശയും നല്കുവാൻ വേണ്ടി ജീവിതം ചെലവഴിക്കാൻ തയ്യാറാകുന്നവരുമാണു സമർപ്പിതർ....

# പ്രാർത്ഥനയുടെ പ്രേഷിതത്വം..



# പ്രാർത്ഥനയുടെ പ്രേഷിതത്വം

ഏറ്റവും വലിയ പ്രേഷിതനായ ഈശോയെപ്പോലെ എല്ലാ സമർപ്പിതരും പ്രാർത്ഥനയിലൂടെ ദൈവവുമായുള്ള ഐക്യത്തിൽ വളരണം. ദൈവത്തിന്റെ അനന്തമായ സ്നേഹത്തെ പ്രഘോഷിക്കുന്ന സമർപ്പിതർ തങ്ങളുടെ ജീവിതത്തിൽ ദൈവവുമായുള്ള കൂട്ടായ്മ ആഴത്തിൽ അനുഭവിച്ചറിയണം. സമർപ്പിതർ ലോകത്തിനു മുഴുവനുംവേണ്ടി പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരാണ്.

# ഇടവക പ്രേഷിതത്വം

സന്യാസ ഭവനങ്ങൾ സ്ഥിതിചെയ്യുന്നത് ഏതെങ്കിലും ഒരു ഇടവകാതിർത്തിയിലായിരിക്കും. ഇടവകയിലെ വികാരിയോടു സഹകരിച്ചു കൊണ്ട് ഇടവകയുടെ നാനാമുഖമായ വികസന പ്രവർത്തനങ്ങളിൽ സമർപ്പിതർ ഏർപ്പെടുന്നു.

# മതബോധന പ്രേഷിതത്വം

മാമ്മോദീസായിലൂടെ ലഭിച്ച വിശ്വാസ
ത്തിനു തെളിവും ജീവനും ലഭിക്കത്തക്കവിധ
ത്തിൽ ബാലികാബാലന്മാർക്കും യുവജന
ങ്ങൾക്കും ക്രൈസ്തവ വിശ്വാസത്തിന്റെ
മൗലീകതത്വങ്ങളും സഭയുടെ പ്രബോധനങ്ങളും
പകർന്നുകൊടുക്കുന്നതു മതബോധന ക്ലാസ്സുക
ളിലാണ്.





# കുടുംബ പ്രേഷിതത്വം

വ്യക്തികളും കുടുംബങ്ങളുമാണു സമൂഹത്തിന്റെ അടിത്തറ. ജീവനെ സ്വാഗതം ചെയ്യുന്നതും സംരക്ഷിക്കുന്നതും വളർത്തുന്നതും കുടുംബങ്ങളിലാണ്. അതിനാൽ കുടുംബജീവിതത്തിന്റെ പവിത്രതയെപ്പറ്റി അറിവുനൽകാനും അതിന്റെ ഉത്തരവാദിത്തങ്ങളെപ്പറ്റി ബോധ്യപ്പെടുത്താനും, തകർന്ന കുടുംബ ബന്ധങ്ങളെ പുനരുദ്ധരിക്കാനും കുടുംബപ്രേഷിതത്വം വഴി സമർപ്പിതർക്കു സാധിക്കുന്നു.

# സാമൂഹ്യ സേവനം

“എന്റെ എളിയ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണു ചെയ്തത്’‘ (മത്താ. 25:40)

• • •



# മിഷൻ പ്രവർത്തനം

അവിശ്വാസികളെ വിശ്വാസത്തിലേക്കാനയിച്ചും വിശ്വാസികളെ വിശ്വാസത്തിലാഴപ്പെടുത്തിയും സഭ തന്റെ സുവിശേഷവേല നിർവ്വഹിക്കുന്നു.

സഭയുടെ പ്രേഷിതത്വത്തിന്റെ അവിഭാജ്യഘടകമാണു സന്യാസം. സമർപ്പിതർക്കായി പ്രാർത്ഥിച്ചുകൊണ്ട് അവരുടെ ദൗത്യനിർവ്വഹണത്തിൽ അവരെ സഹായിക്കാൻ നമുക്കു കടമയുണ്ട്.

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* മിശിഹായിലുള്ള പൂർണവും സമ്പുഷ്ഠവുമായ ജീവിതത്തിലൂടെ ദൈവത്തിന്റെ വിളിക്കു പ്രത്യുത്തരമേകാനുള്ള ക്രൈസ്തവവിളി അതിന്റെ പൂർണതയിൽ തങ്ങളിൽ സാക്ഷാത്കരിക്കുന്നവരാണു സമർപ്പിതർ.

* ഏ.ഡി മൂന്നാം നൂറ്റാണ്ടിൽ സന്യാസം ക്രിസ്തുമതത്തിൽ വേരുറച്ചുവെങ്കിലും ഭാരതത്തിൽ അതിനു തുടക്കം കുറിച്ചത് 1831 ൽ അമലോൽഭവദാസസംഘം എന്ന സന്യാസസമൂഹം സ്ഥാപിതമായതോടെയാണ്. ഇന്ന് ആ സന്യാസ സമൂഹം സി.എം. ഐ  എന്ന പേരിൽ അറിയപ്പെടുന്നു.



* അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ സുവിശേഷോപദേശങ്ങളെ അടിസ്ഥാനമാക്കി മൂന്നു വ്രതങ്ങൾ പാലിച്ചുജീവിക്കുന്നവരാണു സമർപ്പിതർ.

* പ്രാർത്ഥന, ഇടവകപ്രവർത്തനങ്ങളിലുള്ള പങ്കുചേരൽ, മതബോധനം, കുടുംബസന്ദർശനങ്ങൾ, സാമൂഹ്യസേവനം, മിഷൻപ്രവർത്തനങ്ങൾ തുടങ്ങിയ ബഹുമുഖ ശുശ്രൂഷകളിലൂടെ സമർപ്പിതർ ദൈവത്തിനും ദൈവജനത്തിനും വേണ്ടിയുള്ള തങ്ങളുടെ സമർപ്പണം അർത്ഥപൂർണമാക്കുന്നു.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* സമർപ്പിതദൈവവിളി പ്രോൽസാഹിപ്പിക്കുന്നു.
* സമർപ്പിതരെ ആദരവോടെ വീക്ഷിക്കുന്നു.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

* സമർപ്പിതരോട് അടുപ്പവും സ്നേഹവും പുലർത്തുന്നു.

* സമർപ്പിതർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.